# MALAYALAM CURRICULUM - Grades - 1-5




## ആമുഖം

സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും വ്യക്തിത്വത്തിന്റെയും താക്കോലാണ് ഭാഷ. മാതൃ-ഭാഷാപഠനം ബുദ്ധിശക്തിയേയും ചിന്താശക്തിയേയും ഉത്തേജിപ്പിക്കുമെന്ന് ആധുനിക പഠനം വ്യക്തമാക്കുന്നു. മാതൃഭാഷയായ മലയാളം അനായാസമായി കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും അതിനായി അവരുടെ ശ്രദ്ധയും സംസാര ചാതുരിയും വായനാശേഷിയും ലേഖന നൈപുണ്യവും സമന്വയിപ്പിച്ചുകൊണ്ടുള്ള അഭ്യസനരീതിയാണ് പ്രൈമറിതലത്തിൽ ആവിഷ്കരിച്ചിരി-ക്കുന്നത്. അതോടൊപ്പം കലയും സംസ്കാരവും ഇതരവിഷയങ്ങളും ആധുനിക വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ കുട്ടികളിലെത്തിക്കുകയും അവരെമൂ ല്യബോധമുള്ള ഉത്തമപൗരന്മാരാക്കുകയും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാനും സംവദിക്കുവാനും നേതൃനിരയിലേക്കുയരുവാനും സാഹചര്യങ്ങൾ മനസിലാക്കി മുന്നേറുവാനുമുള്ള പരിശീലനമാണ് പ്രൈമറിതലത്തിൽ ലക്ഷ്യമിടുന്നത്.

## പാഠ്യപദ്ധതിയുടെ പ്രത്യേകതകൾ






പാഠ്യപദ്ധതി പ്രധാനമായും കുട്ടികൾക്ക് പ്രാധ്യാന്യം കൊടുക്കുന്നു .

- ഒറ്റക്കും കൂട്ടായുമുള്ള പ്രോജെക്റ്റുകൾ പഠനം രസകരമാക്കുന്നു .
- വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കുന്നു.
- കലകളും ഇതര വിഷയങ്ങളും ഉൾപ്പെടുത്തി പഠനം സമഗ്രവും ഫലപ്രദവുമാക്കുന്നു .
- മാതാപിതാക്കളുംകുട്ടിയുംഅധ്യാപകരുംചേർന്ന്പഠനംഅത്യന്തംരസകരവുംഅർത്ഥവത്തുമാക്കുന്നു .

## പാഠ്യപദ്ധതി ലക്ഷ്യമിടുന്ന മറ്റ് കഴിവുകൾ.





1. <u>കേൾവി</u>

- കേട്ട് ആശയം മനസിലാക്കി പറയുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിയും .
- ശബ്ദവ്യതിയാനത്തിലൂടെ അർഥം മനസിലാകും.
- കേൾവി എന്ന് പറയുന്നത് ശ്രദ്ധയെയും ആശയം എത്രത്തോളം മനസിലാക്കി എന്നതിനെയും ആശ്രയിച്ചിരിക്കും.

2. <u>സംസാരശേഷി</u>

- കുട്ടികൾക്ക് തങ്ങളുടെ ചിന്ത , വികാര വിചാരങ്ങൾ മുതലായവ സംസാരിച്ചു ഫലിപ്പിക്കാൻ കഴിയും.
- അവർക്ക് സംസാരിക്കാനും പ്രതികരിക്കാനും വിമർശിക്കാനുമുള്ള അവസരങ്ങൾ ഉണ്ടാവും.
- അവസരത്തിനനുസരിച്ചു കാര്യങ്ങൾ മനസിലാക്കി സംസാരിക്കും.
- ഉച്ചാരണ സ്പുടത, സഭ്യമായ വാക്കുകൾ, സഹിഷ്ണുത, ബഹുമാനം എന്നിവ പാലിക്കും .

3. <u>വായനാശേഷി</u>

- വിജയകരമായ പഠനത്തിന് വായന കൂടിയേതീരൂ.
- പുതിയവാക്കുകൾസ്വായത്തമാക്കാനുംആത്മവിശ്വാസം ഉണ്ടാക്കാനുംവായനാശേഷിക്കുകഴിയും
- വായനയുടെ രസം നുണഞ്ഞു ഭാവനയുടെ ലോകത്തു വിഹരിക്കാനും അതുവഴി ഭാഷാ നൈപുണ്യം കൈവരിക്കാനും വായനാശേഷി അത്യാവശ്യമാണ് .

4. <u>ലേഖന നൈപുണ്യം</u>

- പ്രധാനപ്പെട്ട ഒരു ആശയവിനിമയോപാധിയാണ് ലേഖനം.
- ഒരുപാട് ആളുകളുമായി സംവദിക്കാൻ ഈ രീതിയിലൂടെ കഴിയും .
- സ്വന്തം അഭിപ്രായം വ്യക്തമായും ശക്തമായും അവതരിപ്പിക്കാൻ എഴുത്തിലൂടെ കഴിയും .
- കേട്ടുംപറഞ്ഞുംവായിച്ചുംമനസിലാക്കിയ കാര്യങ്ങളും വ്യാകരണവും ലേഖന നൈപുണ്യത്തെ പരിപുഷ്ടമാക്കുന്നു.

5. വ്യാകരണം

- നാമം
- ക്രിയ
- ലിംഗം
- വചനം
- സന്ധി
- കാലം
- വാക്യ ഘടന - കർത്താവ് - കർമ്മം - ക്രിയ .
- വിധിവാക്യം - നിഷേധവാക്യം
- അംഗ അംഗിവാക്യം.

6. മൂല്യനിർണ്ണയം

കേൾവി, സംഭാഷണചാതുരി, വായന, എഴുത്തു പരീക്ഷകളും പാഠഭാഗം, വ്യാകരണം എന്നിവ അടിസ്ഥാനമായുള്ള മൂല്യനിർണ്ണയവും നടത്തി പഠനനിലവാരം വിലയിരുത്തുന്നു.

★ ★ ★ ★

1. വായന

| GRADE 1 | GRADE 2 | GRADE 3 |
|---|---|---|
| **വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെ പദങ്ങളുടെ ഉച്ചാരണം** | പഠിച്ച എല്ലാ അക്ഷരങ്ങളും ഉപയോഗിച്ചുള്ള വാക്കുകൾ വായിക്കുന്നു | പുതിയ പദങ്ങളുടെ ഉച്ചാരണം |
| ഉച്ചാരണസ്ഫുടതയോടെ വാക്കുകൾ വായിക്കുന്നു | ഉച്ചാരണസ്ഫുടതയോടെ വാക്കുകൾ വായിക്കുന്നു | വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെ സ്വതന്ത്രമായി വായിക്കുന്നു. |
| കൂട്ടക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾവായിക്കുവാൻ ശ്രമിക്കുന്നു | കൂട്ടക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾവായിക്കുവാൻ ശ്രമിക്കുന്നു | പരിചിതമല്ലാത്ത വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെയും ആത്മവിശ്വാസത്തോടെയും വായിക്കുന്നു. |
| പരിചിതമായ വാക്യങ്ങൾ വായിച്ചു പദസമ്പത്ത് നേടുന്നു | പരിചിതമായ വാക്യങ്ങൾ വായിച്ചു പദസമ്പത്ത് നേടുന്നു | പരിചിതമല്ലാത്ത വാക്യങ്ങൾ വായിച്ച് പദസമ്പത്ത് വർദ്ധിക്കുന്നു. മിതമായ വേഗതയിൽ ആത്മവിശ്വാസത്തോടെ വായിക്കുന്നു. |
| പരിചിതമായ ചിത്രങ്ങളുടെ പേരുകൾ വായിക്കുന്നു. | പഠിച്ച വാക്കുകൾ ആവശ്യാനുസരണം പ്രയോഗിക്കുന്നു | പരിചിതമല്ലാത്ത വാക്യങ്ങൾ വായിച്ച് പദസമ്പത്ത് വർദ്ധിക്കുന്നു. അവ എഴുത്തിനും പ്രഭാഷണത്തിലും ആവശ്യാനുസരണം ഉപയോഗിക്കും. |
| പത്രങ്ങൾ ,മാസികകൾ ഇവയിൽ നിന്ന് പഠിച്ച അക്ഷരങ്ങളും ആ അക്ഷരം വരുന്ന വാക്കുകളും നിർദേശാനുസരണം കണ്ടെത്തുവാൻ ശ്രമിക്കുന്നു ന്നു | മനസ്സിലാക്കിയ കാര്യങ്ങളുമായി ബന്ധപെട്ട സംശയങ്ങൾ ചോദിക്കുന്നു. | വായനയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ചോദിക്കും, മനസിലാക്കാൻ ശ്രമിക്കും. |
| ചിലപ്പോൾ സംസാരത്തിലും മറ്റും പഠിച്ച വാക്കുകൾ പ്രയോഗിക്കുവാൻ ശ്രമിക്കുന്നു | ചിലപ്പോൾ സംസാരത്തിലും മറ്റും പഠിച്ച വാക്കുകൾ പ്രയോഗിക്കുവാൻ ശ്രമിക്കുന്നു | ആശയങ്ങൾ ജീവിതവും വ്യക്തിപരമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തും. |
| യു എ ഇ പതാകയിലെ ചില നിറങ്ങളുടെ പേരുകൾ വായിക്കുന്നു | യു എ ഇ യിലെ വിവിധഎമിരേസിന്റെ പേരുകൾ , പതാകയിലെ നിറങ്ങൾ എന്നിവ വായിക്കുന്നു | മറ്റ് വിഷയങ്ങളുമായുള്ള ബന്ധം, യു.എ.ഇ വായനയ്ക്കുകൊടുക്കുന്നപ്രാധാന്യം. |
| ചിത്രങ്ങളുടെ സഹായത്തോടെ കഥകൾ പറയാൻ കഴിയുന്നു | പാഠപുസ്തകങ്ങൾക്കുപരിയായി ചെറിയ ചിത്രകഥകൾവായിക്കാൻ താല്പര്യം കാണിക്കുന്നു | വർത്തമാനപത്രം, ഇന്റർനെറ്റ്, ഫ്ലാഷ്ന്യൂസ്, മറ്റ് കഥപ്പുസ്തകങ്ങൾ മുതലായവ വായിക്കും. |
| | | പുതിയ ഖണ്ഡിക പറഞ്ഞെഴുതിയശേഷം അനായാസം വായിക്കും. വെബ് ലിങ്ക് നോക്കിയതിനുശേഷം വായിക്കും. |

| GRADE 4 | GRADE 5 |
|---|---|
| പുതിയ വാക്കുകൾ ആത്മവിശ്വാസത്തോടെ വായിക്കുന്നു. | ഗദ്യകവിതാ പാഠങ്ങളിലൂടെ നൂതന പദപരിചയം പദ പ്രയോഗ ശേഷി ഉച്ചാരണം എന്നിവ നേടിയെടുക്കുകയും ചെയ്യുന്നു |
| വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെ സ്വതന്ത്രമായി വായിക്കുന്നു. | വാക്യങ്ങളിൽ നിന്ന് കർത്താവ് ക്രിയ കർമ്മം എന്നിവ തിരിച്ചറിയുന്നു ഉദാഹരണം കണ്ടെത്തുന്നു |
| ലളിതവാക്യങ്ങൾ സന്ദർഭാനുസരണം മാറ്റങ്ങൾ വരുത്താൻകഴിയും. | പൂർണം അപൂർണം എന്നു ക്രിയാവിഭജനം മനസിലാക്കുന്നു |
| പരിചിതമല്ലാത്ത വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെയും ശബ്ദക്രമീകരണത്തോടെയും മിതമായ വേഗതയിൽ ആത്മവിശ്വാസത്തോടെ വായിക്കുന്നു. | പാഠങ്ങൾ വ്യക്തമായി വായിക്കുന്നു.സമസ്തപദങ്ങളുടെ ഉച്ചാരണം ഭാഷയെ ശക്തമാക്കുന്നു. |
| പരിചിതമല്ലാത്ത വാക്യങ്ങൾ വായിച്ച് പദസമ്പത്ത് വർദ്ധിക്കുന്നു. അവ എഴുത്തിനും പ്രഭാഷണത്തിലും ആവശ്യാനുസരണം ഉപയോഗിക്കും. | ഗദ്യകവിതാപാഠങ്ങൾ വായിച്ച് പരിചിതപദങ്ങൾ കണ്ടെത്തുക. പാഠങ്ങൾ വ്യക്തമായി വായിക്കുന്നു. |
| വായനയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ചോദിക്കും, നിഗമനങ്ങളിൽ എത്തിച്ചേരും, സംഗ്രഹിക്കും. | ഗദ്യകവിതാപാഠങ്ങൾ വായിച്ച് പരിചിതപദങ്ങൾ കണ്ടെത്തുക യും,അവയുടെ അർത്ഥം ഗ്രഹിക്കുകയും ചെയ്യുന്നു. |
| വായിച്ചുമനസിലാക്കുന്നകാര്യങ്ങളുടെ പ്രസക്തി, ജീവിതത്തിൽ അതിനുള്ള പ്രാധാന്യം | ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു. |
| മറ്റ് വിഷയങ്ങളുമായുള്ള ബന്ധം, യു.എ.ഇ വായനയ്ക്കുകൊടുക്കുന്നപ്രാധാന്യം. | ഗദ്യകവിതാപാഠങ്ങൾ വായിക്കുന്നു |
| വർത്തമാനപത്രം, ഇൻെറർനെറ്റ്, ഫ്ലാഷ്ന്യൂസ്, മറ്റ് പുസ്തകങ്ങൾ, മാസികകൾ മുതലായവ വായിക്കും. | വർത്തമാനപത്രം, ഇൻെറർനെറ്റ്, ഫ്ലാഷ്ന്യൂസ്, മറ്റ് പുസ്തകങ്ങൾ, മാസികകൾ മുതലായവ വായിക്കും |
| പുതിയ ഖണ്ഡിക പറഞ്ഞെഴുതിയശേഷം അനായാസം വായിക്കും. വെബ് ലിങ്ക് നോക്കിയതിനുശേഷം അനായാസം വായിക്കും. | പാഠങ്ങൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു. |

.2 കേൾവി

| GRADE 1 | GRADE 2 | GRADE 3 |
|---|---|---|
| ചുറ്റുമുള്ള പരിചിത വസ്തുക്കൾ കണ്ടത് ഓർമ്മിച്ചു പേര് പറയുവാൻ ശ്രമിക്കുന്നു | ലഘു ചോദ്യ ങ്ങൾ ശ്രദ്ധിച്ചു പ്രതികരിക്കുന്നു | ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധിച്ച് പ്രതികരിക്കുന്നു |
| ആ വസ്തുക്കളുടെ സങ്കല്പ ചിത്രം വരയ്ക്കുവാൻ ശ്രമിക്കുന്നു | അവധിക്കാലത്ത് പോയ സ്ഥലങ്ങളെക്കുറിച്ചും കണ്ടകാഴ്ചകളെക്കുറിച്ചും ഓർമ്മിച്ചു പറയുവാൻ ശ്രമിക്കുന്നു | കൂട്ടുകാരുടെയും മറ്റുള്ളവരുടെയും അനുഭവങ്ങൾ കേട്ട് അനുയോജ്യമായി പ്രതികരിക്കുന്നു. |
| ചെറു കവിതകളുടെ താളം ശ്രദ്ധിച്ചു ഉച്ചത്തിൽ ചൊല്ലുന്നു | കവിതകൾ താളം ഗ്രഹിച്ചുമറ്റുള്ളവരുടെ സാന്നിധ്യത്തിൽ ഉച്ചത്തിൽ ചൊല്ലുന്നു | പദ്യങ്ങൾ ആസ്വദിക്കും. ആ ലപിക്കും. |
| വീഡിയോയിൽ കൂടി കാണിക്കുന്ന കഥകളിൽ നിന്ന് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഒറ്റ വാക്കുകളിൽ ഉത്തരം നല്കുന്നു | വീഡിയോയിൽ കൂടി കാണിക്കുന്ന കഥകളിൽ നിന്ന് ചോദിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നല്കുന്നു | ദൃശ്യശ്രവ്യമാധ്യമങ്ങൾ ഉപയോഗിച്ച് മനസിലാക്കിയ കാര്യങ്ങൾ പറയാനും എഴുതാനും കഴിയും. |
| കേട്ടെഴുത്ത് , അക്ഷരങ്ങൾ ഓർമ്മിച്ചു ക്രമമായി പറയൽ എന്നിവയ്ക്ക് സാധിക്കുന്നു | കേട്ടെഴുത്ത് , പരിചിത വാക്കുകൾ ഉപയോഗിച്ചുള്ള വാക്യ നിർമ്മാണം എന്നിവയ്ക്ക് സാധിക്കുന്നു | കേട്ടെഴുത്ത്, കേൾവി അടിസ്ഥാനമാക്കിയുള്ള വർക്ക്ഷീറ്റ് |
| കഥയിലെ കഥാപാത്രങ്ങളെ അനുകരിച്ചു സംസാരിക്കുന്നു | ചെറുകഥകൾ കാണുകയോ കേൾക്കുകയോ ചെയ്തു കൃത്യമായി നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രതികരിക്കും | ഗ്രേഡ് നിലവാരം അനുസരിച്ചുള്ള കഥകൾ, ലേഖനങ്ങൾ എന്നിവ മനസിലാക്കി സംസാരിക്കും. |
| പഠിച്ച കാര്യങ്ങൾ ഇംഗ്ലീഷ് , ഇ വി എസ് , എം ഐ എന്നിവയുമായി ബന്ധപ്പെടുത്തിചോദിച്ചാൽ പറയുവാൻ ശ്രമിക്കും . | കഥയെയും കഥാപാത്രങ്ങളെയുംകുറിച്ചുള്ള ചർച്ചയിൽ പങ്കാളികളാകും . ചിലപ്പോൾ കഥാപാത്രങ്ങളെഅനുകരിക്കും (റോൾ പ്ലേ ( | കാര്യങ്ങൾ കേട്ട് അതിനെപ്പറ്റി വിശദീകരിക്കാനും രൂപകങ്ങൾ ഉണ്ടാക്കാനും പ്രോജക്ട് ചെയ്യാനും കഴിയും. |

| GRADE 4 | GRADE 5 |
| --- | --- |
| ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധിച്ച് പ്രതികരിക്കുന്നു | കഥാപാത്രങ്ങളുടെ ഭാഷാശൈലി മനസ്സിലാക്കി വായിക്കുന്നു. |
| കൂട്ടുകാരുടെയും മറ്റുള്ളവരുടെയും അനുഭവങ്ങൾ കേട്ട് അനുയോജ്യമായി പ്രതികരിക്കുന്നു. | കൂട്ടുകാരുടെയും മറ്റുള്ളവരുടെയും അനുഭവങ്ങൾ കേട്ട് അനുയോജ്യമായി പ്രതികരിക്കുന്നു. |
| പദ്യങ്ങൾ ആസ്വദിക്കും. ആസ്വാദനം പറയാനും എഴുതാനും കഴിയും. | പദ്യങ്ങൾ ആസ്വദിക്കും. ആസ്വാദനം പറയാനും എഴുതാനും കഴിയും. |
| ദൃശ്യശ്രവ്യമാധ്യമങ്ങൾ ഉപയോഗിച്ച് മനസിലാക്കിയ കാര്യങ്ങൾ പറയാനും എഴുതാനും കഴിയും. | ദൃശ്യശ്രവ്യമാധ്യമങ്ങൾ ഉപയോഗിച്ച് മനസിലാക്കിയ കാര്യങ്ങൾ പറയാനും എഴുതാനും കഴിയും. |
| കേട്ടെഴുത്ത്, കേൾവി അടിസ്ഥാനമാക്കിയുള്ള വർക്ക്ഷീറ്റ് | ഗദ്യകവിതാ പാഠങ്ങളിലൂടെ നൂതന പദപരിചയം പദ പ്രയോഗ ശേഷി എന്നിവ നേടുന്നു<br>പരിസരംശ്രദ്ധിച്ച് ഭാവനവളർത്തുന്നു |
| ഗ്രേഡ് നിലവാരം അനുസരിച്ചുള്ള കഥകൾ, ലേഖനങ്ങൾ എന്നിവ മനസിലാക്കി സംസാരിക്കും. | ഗ്രേഡ് നിലവാരം അനുസരിച്ചുള്ള കഥകൾ, ലേഖനങ്ങൾ എന്നിവ മനസിലാക്കി സംസാരിക്കും. |
| കാര്യങ്ങൾ കേട്ട് അതിനെപ്പറ്റി വിശദീകരിക്കാനും രൂപകങ്ങൾ ഉണ്ടാക്കാനും പ്രോജക്ട് ചെയ്യാനും വിയിരുത്താനും കഴിയും. | കാര്യങ്ങൾ കേട്ട് അതിനെപ്പറ്റി വിശദീകരിക്കാനും രൂപകങ്ങൾ ഉണ്ടാക്കാനും പ്രോജക്ട് ചെയ്യാനും<br>വിയിരുത്താനും കഴിയും. |

3. ഉച്ചാരണം

| GRADE 1 | GRADE 2 | GRADE 3 |
|---|---|---|
| സ്വയം പരിചയപ്പെടുത്തുന്നു | സ്വയം പരിചയപ്പെടുത്തുന്നു . ഇഷ്ടാനിഷ്ടങ്ങൾ പറയുവാൻ | ഗ്രേഡ് നിലവാരം അനുസരിച്ച ് തന്നെപ്പറ്റി വിശദീകരിക്കുന്നു. |
| വീട്ടുകാര്യങ്ങൾ ചെറുവാക്യങ്ങളിലൂടെ വിവരിക്കുക | അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. | സ്വാനുഭവങ്ങൾ വിവരിക്കുന്നു. കേട്ടതും വായിച്ചതുമായ കഥകൾ രസകരമായി അവതരിപ്പിക്കുന്നു. |
| പഠിച്ച വാക്കുകളുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിക്കുന്നു. | പഠിച്ചകാര്യങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിക്കുന്നു . ചിലപ്പോൾ ചർച്ചയിലൂടെ ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. | മറ്റ് വിഷയങ്ങളിൽ പഠിച്ചകാര്യങ്ങൾ സന്ദർഭാനുസരണം പറയുന്നു. |
| യുഇ യുടെ പതാകയിലെ . എ. നിറങ്ങൾ, എമിരേറ്റ്സ് കളുടെ പേരുകൾ എന്നിവ അക്ഷരങ്ങളുമായി ബന്ധപ്പെട്ട് പറയുന്നു | യുഎ. . ഇ യുടെ പതാകയിലെ നിറങ്ങൾ , എമിരേറ്റ്സ് കളുടെ പേരുകൾ , പൂന്തോട്ടങ്ങൾ എന്നിവയെക്കുറിച്ചു പറയുന്നു. | യു.എ.ഇ യുടെ സംസ്കാരം, പാരമ്പര്യം, പരിസ്ഥിതിക്കു നൽകുന്ന പ്രാധാന്യം, ഭരണാധികാരികളുടെ ഔന്നത്യം, പതാകയുടെ പ്രത്യേകതകൾ എന്നിവ പാഠഭാഗവുമായി ബന്ധപ്പെടുത്തി സംസാരിക്കും. |
| ലഘുകവിതകൾ നന്നായി ചൊല്ലുന്നു. | ലഘുകവിതകൾ അത്യാവശ്യം അക്ഷരസ്ഫുടതയോടെ നന്നായി ചൊല്ലുന്നു. | പദ്യപാരായണം, ലഘുനാടകം, വാർത്താവായന, സംവാദം എന്നിവചെയ്യുന്നു. |
| പരിസരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുന്നുപൂക്കൾ . | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും ആശയങ്ങൾ ചർച്ചചെയ്ത് കണ്ടെത്താൻ ശ്രമിക്കുന്നു . | പാഠവുമായി ബന്ധപ്പെട്ടതും പൊതുവായതുമായ ചോദ്യങ്ങൾ ചോദിക്കുന്നു. |
| ചെറുകഥകൾ അത്യാവശ്യം ഭാവത്തോട് പറയുവാൻ കഴിയുന്നു. | കഥകൾ ഭാവഭിനയത്തോടെ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നു . | നല്ല കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കും. |

| GRADE 4 | GRADE 5 |
| --- | --- |
| തന്നെപ്പറ്റിയും തൻെറ താല്പര്യങ്ങളെപ്പറ്റിയും വിശദീകരിക്കുന്നു. | പാഠങ്ങൾ വ്യക്തമായി വായിക്കുന്നു.സമസ്തപദങ്ങളുടെ ഉച്ചാരണം ഭാഷയെ ശക്തമാക്കുന്നു. |
| സ്വാനുഭവങ്ങൾ വിവരിക്കുന്നു. കേട്ടതും വായിച്ചതുമായ കഥകൾ രസകരമായി അവതരിപ്പിക്കുന്നു. | സമസ്തപദങ്ങളുടെ പ്രയോഗത്തിലൂടെ ഉച്ചാരണശുദ്ധി നേടുന്നു. |
| മറ്റ് വിഷയങ്ങളിൽ പഠിച്ചകാര്യങ്ങൾ സന്ദർഭാനുസരണം പറയുന്നു. | ചെറുകഥ പരിചയപ്പെടുന്നതിലൂടെ കഥാവായന, പ്രമേയം കണ്ടെത്തൽ, കഥചുരുക്കിപറയൽ, കഥാപാത്രനിരൂപണം, കഥാസ്വാദനം എന്നിവയ്ക്കുള്ള കഴിയുന്നു |
| യു.എ.ഇ യുടെ സംസ്കാരം, പാരമ്പര്യം, പരിസ്ഥിതിക്കു നൽകുന്ന പ്രാധാന്യം, ഭരണാധികാരികളുടെ ഔന്നത്യം, പതാകയുടെ പ്രത്യേകതകൾ എന്നിവ പാഠഭാഗവുമായി ബന്ധപ്പെടുത്തി സംസാരിക്കും. | യു.എ.ഇ യുടെ സംസ്കാരം, പാരമ്പര്യം, പരിസ്ഥിതിക്കു നൽകുന്ന പ്രാധാന്യം, ഭരണാധികാരികളുടെ ഔന്നത്യം, പതാകയുടെ പ്രത്യേകതകൾ എന്നിവ പാഠഭാഗവുമായി ബന്ധപ്പെടുത്തി സംസാരിക്കും. |
| പദ്യപാരായണം, ലഘുനാടകം, വാർത്താവായന, സംവാദം എന്നിവചെയ്യുന്നു. | പദ്യപാരായണം, ലഘുനാടകം, വാർത്താവായന, സംവാദം എന്നിവചെയ്യുന്നു. |
| പാഠവുമായി ബന്ധപ്പെട്ടതും പൊതുവായതുമായ ചോദ്യങ്ങൾ ചോദിക്കുന്നു. | പാഠവുമായി ബന്ധപ്പെട്ടതും പൊതുവായതുമായ ചോദ്യങ്ങൾ ചോദിക്കുന്നു. |
| നല്ല കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കും.പ്രശസ്തവ്യക്തികളോട് സംസാരിക്കാൻ താൽപര്യമുണ്ട്. | നല്ല കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കും.പ്രശസ്തവ്യക്തികളോട് സംസാരിക്കാൻ താൽപര്യമുണ്ട്. |

.4 എഴുത്ത്

| GRADE 1 | GRADE 2 | GRADE 3 |
|---|---|---|
| പഠിച്ച അക്ഷരങ്ങൾ എഴുതുവാൻ കഴിയുന്നു. | അക്ഷരങ്ങളും ചെറിയ വാക്കുകളും എഴുതുന്നു. | പദങ്ങൾ ക്രമമാക്കി വച്ച് വാക്യങ്ങൾ ശരിയാക്കുന്നു. |
| പഠിച്ച അക്ഷരങ്ങൾ കൂട്ടിച്ചേർത്തു രണ്ടക്ഷരം വരുന്ന വാക്കുകൾ ഉണ്ടാക്കുന്നു. | രണ്ടോ മൂന്നോ വാക്കുകൾ വരുന്ന ലഘു വാക്യങ്ങൾ സ്വന്തമായി നിർമ്മിച്ചെഴുതുവാൻ ശ്രമിക്കുന്നു | തന്നിരിക്കുന്ന ചിത്രത്തെക്കുറിച്ച് അഞ്ച് വാക്യങ്ങൾ എഴുതും. |
| ചിഹ്നങ്ങൾ ചേർത്തു അക്ഷരങ്ങളും പരിചിതമായ വാക്കുകളും എഴുതുന്നു. | പഴവർഗ്ഗങ്ങൾ, പൂക്കൾ, വാഹനങ്ങൾ മൃഗങ്ങൾ എന്നിവയുടെ പേരുകൾ എഴുതുന്നു. | പരിചിതമായ വിഷയത്തെക്കുറിച്ച് അഞ്ച് വാക്യങ്ങൾ എഴുതും. |
| പരിചിതമായ ചിത്രങ്ങൾ തിരിച്ചറിഞ്ഞു പേരുകൾ നൽകുന്നു. | അക്കങ്ങളുടെ പേരുകൾ ക്രമമായി എഴുതുന്നു ) .1-30) | പാഠഭാഗം വായിച്ച് ഉത്തരങ്ങൾ ചർച്ചചെയ്ത് എഴുതും. |
| രണ്ട് വാക്കുകൾ ക്രമമാക്കി പരിചിതമായ ഏതാനും ലഘു വാക്യങ്ങൾ എഴുതുവാൻ ശ്രമിക്കുന്നു. | പാഠഭാഗത്തിൽ നിന്ന് ഒറ്റ വാക്യത്തിലുള്ള ഉത്തരങ്ങൾ കണ്ടെത്തുകയും എഴുതുകയും ചെയ്യുന്നു | വാർത്തകൾ എഴുതിക്കൊണ്ടുവന്ന് വായിക്കും. |
| അക്ഷരക്രമം | ചില വാക്കുകൾ അക്ഷരമാലാക്രമത്തിൽ ക്രമമായി എഴുതുന്നു. | നാമം |
| മാത്രകളുടെ പ്രയോഗം | ലിംഗം | ക്രിയ |
| | ചേർത്തെഴുതൽ പിരിച്ചെഴുതൽ | ലിംഗം |
| | പൂർണവിരാമം | വചനം |
| | | ചേർത്തെഴുത്ത് |
| | | പിരിച്ചെഴുത്ത് |
| | | കാലം – വർത്തമാനകാലം |
| | | പൂർണവിരാമം, കോമ മുതലായവ. |

| GRADE 4 | GRADE 5 |
| --- | --- |
| പദങ്ങൾ ക്രമമാക്കി വച്ച് സങ്കീർണവാക്യങ്ങൾ ശരിയാക്കുന്നു. | പദങ്ങൾ ക്രമമാക്കി വച്ച് സങ്കീർണവാക്യങ്ങൾ ശരിയാക്കുന്നു.അർഥം, പര്യായം, നാനാർഥം, അർഥവ്യത്യാസം, വിപരീതം എന്നിവയിലൂടെ പുതിയ പദങ്ങൾ പരിചയപ്പെടുന്നു. |
| ചിത്രത്തെക്കുറിച്ച് ഒരു ഖണ്ഡികഎഴുതും. | തന്നചിത്രത്തെക്കുറിച്ച് ഒരു ഖണ്ഡികഎഴുതും.പഠിച്ച പദങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉണ്ടാക്കുന്നു |
| തന്നിരിക്കുന്ന ഡപരിചിതമായ വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതും. | തന്നിരിക്കുന്ന ഡപരിചിതമായ വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതും. |
| പാഠഭാഗം വായിച്ച് ഉത്തരങ്ങൾ ചർച്ചചെയ്ത് / തനിയെ എഴുതും. | പാഠഭാഗം വായിച്ച് ഉത്തരങ്ങൾ ചർച്ചചെയ്ത് / തനിയെ എഴുതും. |
| കൂട്ടുകാർക്ക് അവധിക്കാലം, ജന്മദിനം മുതലായ വിഷയങ്ങളെപ്പറ്റി കത്തെഴുതും. | കൂട്ടുകാർക്ക് അവധിക്കാലം, ജന്മദിനം മുതലായ വിഷയങ്ങളെപ്പറ്റി കത്തെഴുതും. |
| വാർത്തകൾ എഴുതിക്കൊണ്ടുവന്ന് വായിക്കും. | വാർത്തകൾ എഴുതിക്കൊണ്ടുവന്ന് വായിക്കും. |
| നാമം,നാമവിശേഷണം | അംഗവാക്യം,അംഗിവാക്യം |
| ക്രിയ,ക്രിയാവിശേഷണം. | വിധിവാക്യം നിഷേധവാക്യം |
| ലിംഗം | ലിംഗം ചോദ്യരൂപം മാറ്റുക |
| വചനം | വചനം |
| ചേർത്തെഴുത്ത് | ചേർത്തെഴുത്ത് |
| പിരിച്ചെഴുത്ത് | പിരിച്ചെഴുത്ത് |
| കാലം – ഭൂതം, ഭാവി, വർത്തമാനം. | കാലം – ഭൂതം, ഭാവി, വർത്തമാനം. |
| ചിഹ്നം | ചിഹ്നം |
| വാക്യഘടന – കർത്താവ്, കർമ്മം, ക്രിയ. | വാക്യഘടന – കർത്താവ്, കർമ്മം, ക്രിയ. |